**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3259

14.07.2015-ലെ മറുപടിയ്ക്ക്

## പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിലെ ജീവനക്കാരുടെ ശമ്പളം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ശിവൻകുട്ടി | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിലെ മാനേജിംഗ് ഡയറക്ടർ, ബിസിനസ്സ് മാനേജർ എന്നിവർക്കുള്ള ശമ്പളം സംസ്ഥാന സഹകരണ വകുപ്പ് നോൺ പ്ലാൻ ഹെഡിൽ ഉൾപ്പെടുത്തി നൽകുന്നതുപോലെ ഈ സ്ഥാപനത്തിലെ മറ്റു ജീവനക്കാർക്കും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നോൺ പ്ലാൻ ഹെഡിൽ നിന്ന് നൽകാനുള്ള നടപടി സ്വീകരിക്കുമോ? | (എ) ഫെഡറേഷനിൽ സഹകരണ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷനിൽ സേവനം അനുഷ്ഠിക്കുന്ന മാനേജിംഗ് ഡയറക്ടർ, ബിസിനസ്സ് മാനേജർ, തൃശ്ശൂർ ആയുർധാരാ മാനേജർ എന്നിവർക്കുള്ള ശമ്പളം സംസ്ഥാന സഹകരണ വകുപ്പ് പ്ലാൻ ഹെഡിൽ നിന്നുമാണ് നൽകുന്നത്. ഫെഡറേഷനിലെ മറ്റ് ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നോൺ പ്ലാൻ ഹെഡിൽ തുക വകയിരുത്തുന്നതിന് നിലവിൽ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ